(ഇ) അന്വേഷണം പ്രാരംഭഘട്ടത്തിലാണ്.

കുറ്റ്യാടി ഓഗ്മെന്റേഷൻ പദ്ധതിയുടെ കരാറുകാരന് നൽകിയ തുക

26 [3166] ശ്രീ. വി. കെ. സി. മമ്മത് കോയ:
" ടി. പി. രാമകൃഷ്ണൻ:
ശ്രീമതി. പി. കെ. ശ്രീമതി ടീച്ചർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറ്റ്യാടി ഓഗ്മെന്റേഷൻ പദ്ധതിയുടെ കരാറുകാരന് കരാർ തുക നൽകാൻ കോടതി വിധിയുണ്ടായിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(ബി) പ്രസ്തുത കോടതി വിധിപ്രകാരം ഇതിനകം പ്രസ്തുത കരാറുകാരന് എത്ര തുക നൽകിയിട്ടുണ്ട്;

(സി) കരാറിൽ ഉൾപ്പെടാത്തതോ കോടതി വിധിയിൽ പരാമർശം ഇല്ലാത്തതോ ആയ ഏതെങ്കിലും പ്രവൃത്തിക്കുള്ള തുക വല്ലതും നൽകിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(ഡി) കരാറിന് വിരുദ്ധമായി തുക അനുവദിക്കരുതെന്ന് ബോർഡിലെ ഏതെങ്കിലും ഉദ്യോഗസ്ഥർ ശുപാർശ നൽകിയിട്ടുണ്ടോ;

(ഇ) എങ്കിൽ പ്രസ്തുത ശുപാർശ സർക്കാർ നടപ്പാക്കിയിട്ടുണ്ടോ;

(എഫ്) ഇല്ലെങ്കിൽ അതിനുള്ള കാരണമെന്താണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. മിനിമം വേജസ് ആക്റ്റ് അനുശാസിക്കുന്ന നിരക്കും ലേബർ എസ്കലേഷനും അതുപ്രകാരമുള്ള പലിശയും ചെയ്ത ജോലികൾക്ക് അനുവദനീയമായ തുകയും നൽകാനാണ് കോടതി വിധിച്ചത്.

(ബി) ലേബർ എസ്കലേഷനും പലിശയുമായി 16,46,20,342 രൂപ നൽകി. കൂടാതെ ചെയ്ത ജോലികൾക്കുള്ള തുകയായി 2,71,489 കോടി രൂപയും കരാറുകാരന് നൽകിയിട്ടുണ്ട്.

(സി) നൽകിയിട്ടില്ല.

(ഡി—എഫ്) ഇല്ല.

ബോർഡിന്റെ അന്വേഷണ വിഭാഗം കണ്ടെത്തിയ വൈദ്യുതി മോഷണ കേസുകൾ

27 [3167] ശ്രീ. ബിനോയ് വിശ്വം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

(എ) കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ എത്ര വൈദ്യുതി മോഷണ കേസുകൾ ബോർഡിന്റെ അന്വേഷണ വിഭാഗം കണ്ടെത്തിയെന്ന് വ്യക്തമാക്കാമോ;

(ബി) ഇതിൽ എത്ര എണ്ണം ഗാർഹിക ഉപഭോക്താക്കളാണെന്നും എത്ര എണ്ണം സ്വകാര്യ സ്ഥാപനങ്ങളാണെന്നും വ്യക്തമാക്കാമോ;

(സി) ഇപ്രകാരം കണ്ടെത്തിയ കേസുകളിൽ എന്ത് നടപടികളാണ് സ്വീകരിച്ച തെന്ന് വ്യക്തമാക്കാമോ;

(ഡി) ഇത്തരം കേസുകളിൽ എത്ര ബോർഡ് ജീവനക്കാർ ഉൾപ്പെട്ടിട്ടുണ്ട്; അവർ ഓരോരുത്തരുടേയും തസ്തിക തിരിച്ചുള്ള കണക്കുകൾ വ്യക്തമാക്കാമോ;

(ഇ) ഇത്തരം ജീവനക്കാരുടെ മേൽ ബോർഡ് സ്വീകരിച്ച നടപടികൾ എന്തെ ല്ലാമാണെന്നും, എത്ര പേരെ സസ്പെന്റ് ചെയ്തെന്നും അതിൽ എത്ര പേരെ തിരികെ ജോലിയിൽ പ്രവേശിപ്പിച്ചുവെന്നും അതിനായുള്ള മാനദണ്ഡം എന്തായിരുന്നുവെന്നും അറിയിക്കാമോ;

(എഫ്) വൈദ്യുതി ചോരണം നടത്തുന്നവർക്ക് നൽകേണ്ടുന്ന ശിക്ഷ എന്താ ണെന്ന് സുപ്രീം കോടതിയോ കേന്ദ്ര സർക്കാരോ കേന്ദ്ര വൈദ്യുതി റഗുലേറ്ററി അതോറിറ്റിയോ എന്തെങ്കിലും നിർദ്ദേശം നൽകിയിട്ടുണ്ടോ; എങ്കിൽ അവ എന്തൊക്കെയാ ണെന്ന് വ്യക്തമാക്കാമോ;

(ജി) വൈദ്യുതി ചോരണം നടത്തിയ ബോർഡ് ജീവനക്കാർക്ക് കർശനമായ ശിക്ഷ നൽകാനും അവരെ സർവ്വീസിൽ നിന്നും പിരിച്ചു വിടാനും നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കഴിഞ്ഞ സാമ്പത്തിക വർഷം ബോർഡിന്റെ എ. പി. ടി. എസ്. 93 വൈദ്യുതി മോഷണ കേസുകൾ കണ്ടെത്തിയിട്ടുണ്ട്.

(ബി) ഇതിൽ 40 ഗാർഹിക ഉപഭോക്താക്കളും 44 സ്വകാര്യ സ്ഥാപനങ്ങളും ഉൾപ്പെടുന്നു.

(സി) ഇപ്രകാരം കണ്ടെത്തിയ കേസുകളിൽ 25 എണ്ണത്തിൽ പോലീസ് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. കണ്ടീഷൻസ് ഓഫ് സപ്ലൈ ഓഫ് ഇലക്ട്രിസിറ്റി (ക്ളോസ് 43) അനുസരിച്ച് പിഴ അടയ്ക്കുവാനും നിർദ്ദേശിച്ചിട്ടുണ്ട്.

(ഡി, ഇ) ഇത്തരം ഒരു കേസിൽ ഒരു ഓവർസിയർ ഉൾപ്പെട്ടതായി കണ്ടെത്തി യിട്ടുണ്ട്. പ്രസ്തുത വ്യക്തിയെ സർവ്വീസിൽ നിന്ന് സസ്പെന്റ് ചെയ്യുകയും അച്ചടക്ക നടപടികൾക്ക് വിധേയമായി പിന്നീട് സർവ്വീസിൽ തിരികെ പ്രവേശിപ്പിക്കുകയും ചെയ്തി ട്ടുണ്ട്.

(എഫ്) വൈദ്യുതി ചോരണം നടത്തുന്നവർക്ക് ആദ്യത്തെ തവണയാണെങ്കിൽ

LIBRARY ARCHIVES Kerala Legislative Assembly

മൂന്ന് വർഷത്തിൽ കുറയാതെയുള്ള ജയിൽ ശിക്ഷയോ പിഴയോ അല്ലെങ്കിൽ രണ്ടും കൂടിയോ നൽകുന്നതിന് ഇലക്ട്രിസിറ്റി ആക്ട് 2003-ൽ കേന്ദ്ര സർക്കാർ വ്യവസ്ഥ ചെയ്തിട്ടുണ്ട്. കൂടാതെ കുറ്റം രണ്ടാമതും ആവർത്തിക്കുകയാണെങ്കിൽ പത്തു കിലോ വാട്ടിൽ കവിഞ്ഞ കേസുകളിൽ ആറുമാസത്തിൽ കുറയാത്തതും അഞ്ച് വർഷം വരെ നീളുന്നതുമായ ജയിൽ ശിക്ഷയും പിഴയും നൽകുന്നതിന് വ്യവസ്ഥ ചെയ്തിട്ടുണ്ട്.

(ജി) ചട്ടപ്രകാരമുള്ള ശിക്ഷണ നടപടികൾ സ്വീകരിക്കാറുണ്ട്.

വൈദ്യുതി മോഷണം സംബന്ധിച്ച് രജിസ്റ്റർ ചെയ്തിട്ടുള്ള കേസുകൾ

28 [3168] ശ്രീ. സാജു പോൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി മോഷണം നടത്തിയത് സംബന്ധിച്ചുള്ള കേസുകളിൽ ഉൾപ്പെട്ടിട്ടുള്ള വ്യക്തികൾ, സ്ഥാപനങ്ങൾ ഇവ ഏതൊക്കെ എന്ന് ജില്ല തിരിച്ചുള്ള ലിസ്റ്റ് ലഭ്യമാക്കുമോ;

(ബി) വൻകിട കമ്പനികൾ വൈദ്യുതി മോഷണം നടത്തുന്നത് ഫലപ്രദമായി തടയുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 2002-2003 വർഷത്തിൽ വൈദ്യുതി മോഷണം നടത്തിയ വ്യക്തികൾ/സ്ഥാപനങ്ങൾ എന്നിവ ഏതൊക്കെയെന്ന് അനുബന്ധമായി ചേർത്തിരിക്കുന്നു.†

(ബി) സ്വീകരിക്കുന്നുണ്ട്.

സംസ്ഥാന വൈദ്യുതി ബോർഡിന്റെ അധീനതയിൽ നിലവിലുള്ള സ്ഥലവും ഫലവൃക്ഷങ്ങളും

29 [3169] ശ്രീ. ബി. സുഗതൻ:
,, കെ. സി. ജോസഫ്:
,, ടി. എൻ. പ്രതാപൻ:
,, ലൂഡി ലൂയിസ്:
ശ്രീമതി മേഴ്സി രവി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന വൈദ്യുതി ബോർഡിന്റെ അധീനതയിൽ എത്ര ഹെക്ടർ സ്ഥലമുണ്ട്;

(ബി) ഈ ഭൂമിയിൽ ഫലവൃക്ഷങ്ങൾ നിലവിലുണ്ടോയെന്ന് വെളിപ്പെടുത്തുമോ;

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly